പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1611 **01-07-2026-ൽ മറുപടിയ്ക്ക്**

സപ്ലൈകോ - ഹോർട്ടികോർപ് സഹകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സപ്ലൈകോ, ഹോർട്ടികോർപ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: സപ്ലൈകോയുടെ വിവിധ വിൽപ്പന ശാലകളോട് അനുബന്ധിച്ച് ഹോർട്ടികോർപ്പ് പച്ചക്കറി വ്യാപാരം നടത്തിയിരുന്നു. ഇരുപതോളം വിൽപ്പനശാലകളോട് ചേർന്നാണ് ഇത്തരത്തിൽ പച്ചക്കറി സ്റ്റാളുകൾ നടത്തിയിരുന്നത്. സപ്ലൈകോയുടെ ഓണം ഫെയറുകളിൽ നിശ്ചിത വാടക വിഹിതം ഈടാക്കിക്കൊണ്ട് പച്ചക്കറി സ്റ്റാളുകൾ നടത്തുന്നതിന് ഹോർട്ടികോർപ്പിന് മുൻഗണന നൽകി വന്നിരുന്നു. നിലവിൽ ശ്രീകാര്യം സൂപ്പർ മാർക്കറ്റ്, കരുനാഗപ്പള്ളി ഹൈപ്പർ മാർക്കറ്റ്, അടിമാലി പീപ്പിൾസ് ബസാർ, ഹരിപ്പാട് പീപ്പിൾസ് ബസാർ, ഒറ്റപ്പാലം പീപ്പിൾസ് ബസാർ എന്നീ വിൽപ്പനശാലകളോട് അനുബന്ധിച്ച് ഹോർട്ടികോർപ്പ് പച്ചക്കറി വിൽപ്പന നടത്തിവരുന്നുണ്ട്.

(ബി) സപ്ലൈകോയെ സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായമില്ലാതെ സ്വയംപര്യാപ്തമാക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. സാധ്യതകൾ പരിശോധിച്ചു വരികയാണ്.

(സി) കേന്ദ്രസർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് കുടിശ്ശിക ലഭിക്കാനുണ്ടോ; എങ്കിൽ ലഭിക്കാനുള്ള കുടിശ്ശിക നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: കേന്ദ്ര സർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് 24.06.2026 തീയതി പ്രകാരം "നെല്ല് സംഭരണ" ഇനത്തിൽ 2020-2021 കാലയളവ് മുതലുള്ള ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാത്തത് മൂലം ലഭിക്കാനുള്ള 320.36 കോടി രൂപ ഉൾപ്പെടെ 1399.7 കോടി രൂപയും "ആത്മനിർഭർ ഭാരത്" ഇനത്തിൽ 1.48 കോടിയും "പി ഡി എസ് പഞ്ചസാര" ഇനത്തിൽ 2.97 കോടിയും ചേർത്ത് ആകെ 1404.15 കോടി രൂപ അനുവദിച്ച് നൽകുവാനുണ്ട്. ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ